**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-നഗര ഗ്രാമാസൂത്രണ വകുപ്പ്-ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ എസ് . മഹാലിംഗം- ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഇ.യു.)വകുപ്പ്**

**സ.ഉ(സാധാ)നം.890/2020/ത.സ്വ.ഭ.വ.** തീയതി, തിരുവനന്തപുരം,15/05/2020

പരാമർശം:- 1. 21.03.2015 ലെ ജി ഒ(ആർ .ടി) നമ്പർ 824/2015/തസ്വഭവ നമ്പർ ഉത്തരവ്

2. ശ്രീ എസ് . മഹാലിംഗം സമർപ്പിച്ച 01.06.2019 തീയതിയിലെ ശൂന്യവേതനാവധി അപേക്ഷ.

3. മുഖ്യ നഗരാസൂത്രകന്റെ 05.08.2019 തീയതിയിലെ എ 3-6797/2014 നമ്പർ കത്ത്

**ഉത്തരവ്**

നഗര ഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനറായ ശ്രീ എസ് മഹാലിംഗത്തിന് വിദേശ ജോലിയ്ക്കായി 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിയ്ക്കുകയും , ടിയാൻ 22.09.2004 മുതൽ പ്രസ്തുത അവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധി 21.09.2019 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്.പ്രസ്തുത ശൂന്യവേതനാവധി 22.09.2019 മുതൽ 21.09.2021 വരെ 2 വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന്ആവശ്യപ്പെട്ട് പരാമർശം രണ്ട് പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം മൂന്ന് പ്രകാരം മുഖ്യ നഗരാസൂത്രക ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ എസ്. മഹാലിംഗത്തിന് പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം അനുവദിച്ച ശൂന്യവേതനാവധിക്ക് തുടർച്ചയായി മുൻകാല പ്രാബല്യത്തോടെ 22.09.2019 മുതൽ 21.09.2021 വരെ കെ എസ് ആർ ഭാഗം I അനുബന്ധം XII A ചട്ടം 9 -ൽ ഇളവ് വരുത്തി ശൂന്യവേതനാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സജൻ സി വി ഐ എ എസ്**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്:

മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം.

ശ്രീ എസ് . മഹാലിംഗം,ഡെപ്യൂട്ടി ടൗൺ പ്ലാനർ(മുഖ്യ നഗരാസൂത്രകൻ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ